**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 1428

20.01.2014-ൽ
മറുപടി നൽകേണ്ടിയിരുന്നത്

കൊല്ലം ജില്ലയിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം

| ചോദ്യം<br>**ശ്രീമതി പി. അയിഷാ പോറ്റി** | ഉത്തരം<br>**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്തുവകുപ്പ് മന്ത്രി)** |
| --- | --- |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള എത്ര കിലോമീറ്റർ പൊതു മരാമത്ത് റോഡാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത് ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാന റോഡ് വികസന പദ്ധതിയിലെ റീ ഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ പാക്കേജുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള 1130 കി.മീ. റോഡുകളാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) പ്രസ്തുത നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ; | (ബി) പ്രസ്തുത പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജിലെ റോഡുകളുടെ നവീകരണ പ്രവൃത്തികൾക്ക് കൺസൽട്ടൻസി കമ്പനികളിൽ നിന്നും ലഭിച്ച പ്രാഥമിക ഓഫറുകൾ പരിശോധിച്ചു വരുന്നു. അപ്ഗ്രഡേഷൻ പാക്കേജിലെ റോഡുകൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ പുരോഗമിച്ചു വരുന്നു. |
| (സി) ഈ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കൊല്ലം ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) റോഡ് ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ് (RICK) മുഖാന്തിരം സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി-യിട്ടുള്ള കൊല്ലം ജില്ലയിലെ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# സംസ്ഥാന റോഡ് വികസന പദ്ധതി

## റീഹാബിലിറ്റേഷൻ പാക്കേജ്

| ക്രമ നമ്പർ | റോഡിന്റെ പേര് |
|---|---|
| 1 | കൊല്ലം - ആയൂർ റോഡ് |

## അപ്ഗ്രഡേഷൻ പാക്കേജ്

| ക്രമ നമ്പർ | റോഡിന്റെ പേര് |
|---|---|
| 1 | ചല്ലിമുക്ക് - തെന്മല റോഡ് |
| 2 | കൊട്ടാരക്കര – കരുനാഗപ്പള്ളി റോഡ് |
| 3 | ആയൂർ - പുനലൂർ റോഡ് |